# കേരള സംസ്ഥാന
# ന്യൂനപക്ഷ കമ്മീഷൻ

## വാർഷിക റിപ്പോർട്ട്
## 2013-14

16 9406 2015

# കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ
# വാർഷിക റിപ്പോർട്ട്
## 2013-14

**ആമുഖം**

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 18-ാം വകുപ്പ് പ്രകാരം, 2013-14 സാമ്പത്തിക വർഷത്തിലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ വിവരം നൽകുന്ന ഒന്നാമത് വാർഷിക റിപ്പോർട്ടാണിത്. കമ്മീഷൻ പ്രവർത്തനം സമാരംഭിച്ച 10-6-2013 മുതൽ 31-3-2014 വരെയുള്ള പ്രവർത്തനങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിച്ചുകൊണ്ട് 2013 മെയ് 15-ാം തീയതിയിലെ 1350-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് (2013-ലെ 37-ാം നമ്പർ ഓർഡിനൻസ്) കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ആക്ട് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ സംസ്ഥാന നിയമസഭയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ, ടി ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013 ജൂലായ് 19-ാം തീയതിയിലെ 2105-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം 2013-ലെ 44-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, സംസ്ഥാന നിയമസഭയിൽ ബിൽ അവതരിപ്പിക്കുകയും സഭയുടെ അംഗീകാരത്തോടെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട്, 2014 (2014-ലെ 5-ാം ആക്ട്) 2014 ഫെബ്രുവരി 13-ലെ 495-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി.

സംസ്ഥാന കമ്മീഷൻ ആക്ടിലെ 4-ാം വകുപ്പിന് കീഴിലെ 1-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടേയും കാലാവധി ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. കമ്മീഷന്റെ ഇപ്പോഴത്തെ ഘടന ചുവടെ ചേർക്കുന്നു:

10-6-2013-ന് കമ്മീഷൻ ചെയർമാനും അംഗങ്ങളും ചുമതലയേറ്റു.

| | | | |
|---|---|---|---|
| 1 | ചെയർ പേഴ്സൺ | .. | ശ്രീ. (അഡ്വ.) എം. വീരാൻകുട്ടി |
| 2 | മെമ്പർ | .. | ശ്രീ. (അഡ്വ.) വി. വി. ജോഷി |
| 3 | മെമ്പർ | .. | ശ്രീമതി (അഡ്വ.) കെ. പി. മറിയുമ്മ |

മെമ്പർ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ഗവൺമെന്റ് പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. വി. വി. മൊയ്ദുണ്ണി 10-6-2013-ന് ചുമതലയേൽക്കുകയുണ്ടായി. ആരോഗ്യപരമായ കാരണങ്ങളാൽ ടിയാൻ അവധിയിൽ പ്രവേശിച്ചതിനാൽ ഗവൺമെന്റ് നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. എം. എച്ച്. മുഹമ്മദ് റാഫിയെ മെമ്പർ സെക്രട്ടറിയായി നിയമിക്കുകയുണ്ടായി. 18-7-2013-ന് ചുമതലയേറ്റ ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി മെമ്പർ സെക്രട്ടറിയായി തുടരുന്നു.

ഗവൺമെന്റ് പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ. കെ. ബി. പ്രേമചന്ദ്രൻ 3-1-2014-ന് രജിസ്ട്രാറായി ചുമതലയേൽക്കുകയും ഇപ്പോഴും തുടരുകയും ചെയ്യുന്നു.

ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. കെ. ഗോപിനാഥൻ 5-1-2014-ന് ഫിനാൻസ് ഓഫീസറായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്തു.

# 2

## ഭരണ വിഭാഗം

കമ്മീഷനും അതിന്റെ ഭരണ വിഭാഗവും തിരുവനന്തപുരം, ശാസ്തമംഗലം, റ്റി. സി. 9/1023 (2) ആഞ്ജനേയ എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിച്ചുവരുന്നു. മെമ്പർ-സെക്രട്ടറിയാണ് കമ്മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. കമ്മീഷന്റെ ഭരണ വിഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | മെമ്പർ സെക്രട്ടറി | .. | 1 |
| 2. | രജിസ്ട്രാർ | .. | 1 |
| 3. | ഫിനാൻസ് ആഫീസർ | .. | 1 |
| 4. | സെക്ഷൻ ആഫീസർ | .. | 1 |
| 5. | അസിസ്റ്റന്റ് | .. | 2 |
| 6. | ജൂനിയർ അസിസ്റ്റന്റ് / ലോവർ ഡിവിഷൻ ക്ലാർക്ക് | .. | 2 |
| 7. | പേഴ്സണൽ അസിസ്റ്റന്റ് | .. | 1 |
| 8. | ആഫീസ് അറ്റൻഡന്റ് കം-ഡ്രൈവർ | .. | 2 |
| 9. | പാർട്ട് ടൈം സ്വീപ്പർ | .. | 1 |

മുകളിൽ പറഞ്ഞിട്ടുള്ള തസ്തികകളിൽ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ റിപ്പോർട്ട് കാലയളവിൽ ആരേയും നിയമിച്ചിരുന്നില്ല.

16/9408/2015

# 3

## കമ്മീഷൻ യോഗങ്ങൾ

കമ്മീഷൻ ആക്ടിലെ 8-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സന് യുക്തമെന്ന് കരുതുന്ന, സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം, കമ്മീഷൻ യോഗം ചേരാൻ നിർദ്ദേശിക്കുന്നുണ്ട്. ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരുവാനും നിഷ്കർഷിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ (10-6-2013 മുതൽ 31-3-2014 വരെ) 10 തവണ കമ്മീഷൻ യോഗം ചേർന്നിട്ടുണ്ട്.

# 4

## കമ്മീഷന്റെ പ്രവർത്തനങ്ങൾ

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 9-ാം വകുപ്പ് പ്രകാരം കമ്മീഷനിൽ ഭരമേല്പിച്ചിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ സാദ്ധ്യമായ എല്ലാ നടപടികളും റിപ്പോർട്ട് കാലയളവിൽ സ്വീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുകയും ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപരമായും നിയമപരമായും ലഭിക്കുന്ന അവകാശങ്ങളെയും സംരക്ഷണ വ്യവസ്ഥകളേയുംപ്പറ്റി അവരെ ബോധവാൻമാരാക്കുകയും ചെയ്യുക എന്നതാണ് കമ്മീഷന്റെ പ്രധാന കർത്തവ്യം. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പരാതികളാണ് കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നതെങ്കിലും മറ്റു വിഷയങ്ങളെ സംബന്ധിച്ച പരാതികളും കമ്മീഷന്റെ പരിഗണനയ്ക്കായി ലഭിച്ചുവരുന്നുണ്ട്. 2013-14 കാലയളവിൽ ആകെ 135 പരാതികൾ കമ്മീഷനിൽ ലഭിക്കുകയുണ്ടായിട്ടുണ്ട്. കമ്മീഷൻ 10-06-2013-ൽ പ്രവർത്തനം ആരംഭിച്ചുവെങ്കിലും ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയത് 2014 ജനുവരി-ഫെബ്രുവരി മാസങ്ങളിലാണ്. തൻമൂലം, എല്ലാ പരാതികളിലും അന്വേഷണവും വിചാരണയും നടത്തി നടപടികൾ പൂർത്തിയാക്കുന്നതിനും അന്തിമ തീരുമാനങ്ങളെടുക്കുന്നതിനും റിപ്പോർട്ട് കാലയളവിൽ കഴിഞ്ഞിട്ടില്ല.

കമ്മീഷന്റെ പ്രവർത്തനത്തെ പൊതുവിൽ മൂന്ന് വിഭാഗങ്ങളായി തിരിക്കാം:

(1) പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ

(2) സ്വമേധയാ സ്വീകരിക്കുന്ന നടപടികൾ

(3) പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷൻ നടത്തുന്ന സ്ഥല സന്ദർശനങ്ങൾ/ജില്ലാതല യോഗങ്ങൾ

### 4.1 പരാതികളിൽ സ്വീകരിച്ച നടപടികൾ

ഒരു പരാതി ലഭിച്ചാൽ, കമ്മീഷൻ പ്രസ്തുത പരാതി പരിശോധിക്കുകയും ആയതിന്മേൽ കമ്മീഷൻ തലത്തിൽ തുടർനടപടികൾ ആവശ്യമുണ്ടോ എന്ന് തീരുമാനിക്കുകയും ചെയ്യുന്നു. കമ്മീഷന്റെ ഇടപെടൽ ആവശ്യമുണ്ടെന്ന് കണ്ടാൽ പരാതി സംഗതിയിന്മേൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ/വ്യക്തിയുടെ അഭിപ്രായമോ റിപ്പോർട്ടോ തേടുന്നു. പ്രസ്തുത പരാതിക്ക് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് അഥവാ വ്യക്തിക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ടെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടാൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കുംമുൻപ് പരാതിക്കാരനേയും ബന്ധപ്പെട്ട അധികാരസ്ഥാനത്തെയും ബാധിക്കാനിടയുള്ള വ്യക്തികളെയും നേരിൽ കേൾക്കുകയും ചെയ്യുന്നു.

റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ പരിഗണിച്ച ചില ഹർജികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു:

### 4.1.1 MCOP No. 1/13 to 6/13, 8/13 to 24/13, 27/13 to 78/13 ആന്റ് 82/13

**"പിതാവിനും പുത്രനും" എന്ന പേരിലെ സിനിമയുടെ പ്രദർശനം തടയുന്നത്**

ക്രിസ്ത്യൻ സഭയെയും ക്രിസ്ത്യൻ മതവിശ്വാസത്തേയും അപമാനിക്കുകയും അവഹേളിക്കുകയും ചെയ്തേക്കുമെന്ന് ആരോപിച്ചുകൊണ്ട് ഒരു കൂട്ടം ഹർജികൾ "പിതാവിനും പുത്രനും" എന്ന പേരിൽ റിലീസ് ചെയ്യപ്പെടാനിരുന്ന ഒരു ചലച്ചിത്രത്തിനെതിരെ കമ്മീഷന് ലഭിക്കുകയുണ്ടായി. മതവികാരത്തെ വൃണപ്പെടുത്താമായിരുന്ന ടി സിനിമയുടെ പ്രദർശനം കമ്മീഷന്റേതുൾപ്പെടെയുള്ള ഇടപെടലുകൾ മൂലം നാളിതുവരെ നടന്നിട്ടില്ല.

### 4.1.2 MCOP No. 102/13

**ജൈനമതവിഭാഗത്തെ ന്യൂനപക്ഷ മത വിഭാഗമായി പ്രഖ്യാപിക്കുന്നത്**

കേരളത്തിൽ അധിവസിക്കുന്ന 6000 ജൈനമതവിശ്വാസികളുടെ കുടുംബങ്ങളുൾപ്പെടെ ഭാരതത്തിലെ ജനസംഖ്യയിൽ വളരെ ചെറിയ ന്യൂനപക്ഷമാണ് ജൈനമതക്കാർ. ജൈനമതത്തെക്കൂടി ന്യൂനപക്ഷ മതവിഭാഗമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി ഹർജികൾ കമ്മീഷന് ലഭിക്കുകയും, കമ്മീഷൻ സംസ്ഥാന സർക്കാർ വഴി ടി ആവശ്യം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്യുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ 2014 ജനുവരി 27-ാം തിയതിയിലെ എസ്. ഒ. നമ്പർ 267 (E) വിജ്ഞാപന പ്രകാരം ജൈനമതത്തെക്കൂടി ന്യൂനപക്ഷ മതത്തിലുൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

### 4.1.3 MCOP 2/2014 തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ മുസ്ലീം പള്ളി പണിയുന്നതിന് അനുമതി:

തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ സർവ്വേ നമ്പർ 368/1-ൽപ്പെട്ട സ്ഥലത്ത് പള്ളി പണിയുന്നതിന് ചേർപ്പ് ഗ്രാമപഞ്ചായത്തിൽ അനുമതി തേടിക്കൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചിട്ടില്ലെന്നും ജില്ലാകളക്ടറുടെ നിരാക്ഷേപ പത്രത്തിനായി പ്രസ്തുത അപേക്ഷ കളക്ടറേറ്റിൽ തീർപ്പാകാതെയുണ്ടെന്നും വ്യക്തമാക്കി KPCC മൈനോറിറ്റി വിഭാഗം ചെയർമാനും ചേർപ്പ് പള്ളി നിർമ്മാണ കമ്മിറ്റി രക്ഷാധികാരിയുമായ ശ്രീ. കെ. കെ. കൊച്ചു മുഹമ്മദ് സമർപ്പിച്ച ഹർജിയിന്മേൽ ജില്ലാകളക്ടറിൽ നിന്നും ജില്ലാ പോലീസ് മേധാവിയിൽ നിന്നും റിപ്പോർട്ട് തേടുകയും തെളിവ് എടുക്കുകയും പള്ളി നിർമ്മാണത്തിനുള്ള സ്ഥലം കമ്മീഷൻ നേരിട്ട് സന്ദർശിക്കുകയും ചെയ്തു. പള്ളി നിർമ്മാണത്തിനാവശ്യമായ അനുമതി നൽകുന്ന കാര്യം അടിയന്തിരമായി പരിശോധിച്ച് ഉത്തരവ് നൽകണമെന്ന് കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

### 4.1.4 MCOP No. 10/14 തിരുവനന്തപുരം, ബ്രഹ്മോസ്-ൽ മുസ്ലിം ജീവനക്കാർക്ക് വെള്ളിയാഴ്ചകളിലെ ജുമാ നമസ്കാരത്തിന് സമയം അനുവദിക്കുന്നത്

തിരുവനന്തപുരം ജില്ലയിലെ ചാക്കയിൽ പ്രവർത്തിക്കുന്ന ബ്രഹ്മോസ് ഏയ്റോസ്പേസ് (പ്രൈ) ലിമിറ്റഡ് എന്ന വ്യവസായ സ്ഥാപനത്തിൽ മുസ്ലിം ജീവനക്കാർക്ക് വെള്ളിയാഴ്ചകളിലെ ജുമാ നമസ്കാരത്തിന് സമയം അനുവദിച്ചുനൽകുന്നതിന് കമ്പനി അധികാരികൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള മുസ്ലീം എംപ്ലോയീസ് വെൽഫയർ അസോസിയേഷൻ പ്രസിഡന്റും സെക്രട്ടറിയും കമ്മീഷൻ മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. കമ്പനി അധികാരികളേയും പരാതിക്കാരേയും കമ്മീഷൻ വിചാരണ ചെയ്യുകയും ജുമാ നമസ്കാരം മതവിശ്വാസത്തിന്റെ ഭാഗമായതിനാൽ മുസ്ലീം ജീവനക്കാർക്ക് ആയതിനാവശ്യമായ സമയം അനുവദിച്ചുനൽകാൻ സ്ഥാപനത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

### 4.2 കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ച കേസുകൾ

ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനം, ന്യൂനപക്ഷങ്ങളോടുള്ള വിവേചനം, അവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണവ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതുമായ കാര്യങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെടുമ്പോൾ പരാതികൾ ലഭിക്കാതെ തന്നെ കമ്മീഷൻ അത്തരം കാര്യങ്ങളിൽ ഇടപെടുകയും പരിഹാര നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. അപ്രകാരമുള്ള ചില കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 4.2.1 MCOP 13/2014 വിദ്യാഭ്യാസ വായ്പ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയതിന് ജയിൽ ശിക്ഷ

മകളുടെ നഴ്സിംഗ് പഠനത്തിന് വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചതിന് തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ട ശ്രീ. ബാബു ജോസഫ്, നാഗത്തിങ്കൽ എന്ന പിതാവിനെ സംബന്ധിച്ച് വന്ന പത്രവാർത്തയെ തുടർന്ന് കമ്മീഷൻ ടിയാന്റെ കുടുംബത്തെ സന്ദർശിക്കുകയും ഇക്കാര്യത്തിൽ സ്വമേധയാ കേസെടുത്ത് നടപടി സ്വീകരിക്കുകയും ചെയ്തു.

### 4.2.2 MCOP 17/14 കുമാരപുരം പൊതുജനം ലെയിനിൽ ഡോർമിറ്ററി കെട്ടിടത്തിൽ ആരാധനാ സ്വാതന്ത്ര്യം

തിരുവനന്തപുരം, കുമാരപുരം, TC 14/325 (1) എന്ന സ്വകാര്യ കെട്ടിടത്തിൽ, തിരുവനന്തപുരം മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്റർ, എസ്.എ.ടി. ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസസൗകര്യം നൽകുന്നുണ്ട്. സമയാസമയങ്ങളിൽ നമസ്കാരം നടത്തുന്നതിന് അവർ ടി കെട്ടിടത്തിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ചില നാമമാത്ര സംഘടനകളുടെ പരാതിയെത്തുടർന്ന് ടി കെട്ടിടത്തിൽ കെട്ടിട ഉടമയൊഴികെയുള്ളവർ ആരാധന നടത്തുന്നത് ജില്ലാകളക്ടർ നിരോധിക്കുകയുണ്ടായി. കമ്മീഷൻ ടി കെട്ടിടം സന്ദർശിക്കുകയും കാര്യങ്ങൾ ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാർ ടി കെട്ടിടത്തിൽ താമസിക്കുകയും നമസ്കാര സമയങ്ങളിൽ നമസ്കരിക്കുകയും ചെയ്യുന്ന കാര്യം അറിവായിട്ടുണ്ട്. ഭരണഘടനപ്രകാരം എല്ലാവർക്കും ആരാധന സ്വാതന്ത്ര്യം ലഭ്യമായതിനാൽ ടി കെട്ടിടത്തിൽ ആരാധന നടത്തുന്നതിന് അനുവാദം നൽകേണ്ടതുണ്ടെന്ന് കമ്മീഷൻ കരുതുന്നു.

ആയതിന് വേണ്ട നിർദ്ദേശം കളക്ടർക്ക് നൽകിയിരുന്നു.

### 4.2.3 MCOP 5/2014: മർദ്ദനമേറ്റ സ്ത്രീക്ക് തിരൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സ നിഷേധിച്ചത്

അക്രമികളുടെ മർദ്ദനമേറ്റ് ചികിത്സയ്ക്കായി തിരൂർ ഗവ: താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സ്ത്രീക്ക് ചികിത്സ നിഷേധിച്ചതായ പത്രവാർത്തയെ തുടർന്ന് കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുകയുണ്ടായി. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട, തൊഴിലുറപ്പ് പദ്ധതി തൊഴിലാളിയായ വാക്കാട് പിലാക്കൽ വീട്ടിൽ സൗജത്തിനാണ് താലൂക്ക് ആശുപത്രിയിൽ ചികിത്സ നിഷേധിച്ചത്. കമ്മീഷൻ ആശുപത്രിയിലെത്തി ബന്ധപ്പെട്ട എല്ലാവരിൽ നിന്നും മൊഴിയെടുക്കുകയും ശ്രീമതി സൗജത്തിന് ചികിത്സ ഉറപ്പാക്കുകയും ചെയ്തു. ചികിത്സ നിഷേധിച്ച ഡോക്ടർമാർ ഹാജരാവുകയും സംഭവത്തിൽ ഖേദം പ്രകടിപ്പിക്കുകയും ഇനിമേൽ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു.

### 4.3 ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷൻ നടത്തിയ സ്ഥല സന്ദർശനങ്ങൾ/ജില്ലാതല യോഗങ്ങൾ

ഭാരതത്തിലെ മുസ്ലീങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിലെ അവസ്ഥ, സ്ഥിതിവിവരക്കണക്കുകളുടെ പിൻബലത്തിൽ അപഗ്രഥനം നടത്തി വെളിച്ചത്ത് കൊണ്ടുവന്ന ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ ചുവടെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി.

1. അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും കുറവുള്ളതായി കാണപ്പെടുന്നത് മുസ്ലീങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിലാണ്. ഇത് വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ പ്രാപ്യതയെ ബാധിക്കുന്നു.

2. മറ്റ് മത സമൂഹങ്ങളെ അപേക്ഷിച്ച് മുസ്ലീങ്ങളിൽ കൂടുതൽ ദാരിദ്ര്യം നിലനിൽക്കുന്നു.

3. സർക്കാർ-പൊതുമേഖലാ ജീവനക്കാരുടെ ചെറിയൊരു ശതമാനം മാത്രമാണ് മുസ്ലീങ്ങൾ.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മുസ്ലീങ്ങളുടെ സ്ഥിതി വ്യത്യസ്ഥമാണെങ്കിലും മുസ്ലീം പിന്നോക്കാവസ്ഥ വിവിധ മേഖലകളിൽ തുടരുന്നുണ്ടെന്ന് കാണാവുന്നതാണ്. ജസ്റ്റീസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ച ബഹു: മുൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി ചെയർമാനായ സമിതി സമൂർത്തങ്ങളായ എഴുപത്തിയേഴ് പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അവ പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യത്തോടെയും ദീർഘകാലാടിസ്ഥാനത്തിലും സ്വീകരിക്കേണ്ട നടപടികളും ഭരണ നടപടികളും സമിതി ശുപാർശ ചെയ്യുകയുണ്ടായി.

തീരപ്രദേശങ്ങളിലും തോട്ടം മേഖലയിലുമുള്ള ന്യൂനപക്ഷങ്ങളുടെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ അവസ്ഥ വളരെ പരിതാപകരമാണെന്ന് പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി കണ്ടെത്തുകയുണ്ടായി. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കമ്മീഷൻ തീരപ്രദേശത്തേയും തോട്ടം മേഖലയിലേയും ന്യൂനപക്ഷങ്ങളുടെ അവസ്ഥ മനസ്സിലാക്കുന്നതിന് പ്രാമുഖ്യം നൽകുകയുണ്ടായി.

#### 4.3.1 കമ്മീഷന്റെ വിഴിഞ്ഞം സന്ദർശനം

2014 ജനുവരി 29-ന് കമ്മീഷൻ തിരുവനന്തപുരം ജില്ലയിലെ ന്യൂനപക്ഷങ്ങൾ തിങ്ങി പാർക്കുന്ന കടലോര മേഖലയായ വിഴിഞ്ഞം സന്ദർശിക്കുകയും ജനപ്രതിനിധികൾ, വാർഡ് കൗൺസിലർ, പ്രദേശ വാസികൾ എന്നിവരുമായി ആശയവിനിമയം നടത്തുകയും പ്രദേശത്തിന്റെയും ന്യൂനപക്ഷങ്ങളുടേയും ഉന്നമനത്തിനായി സ്വീകരിക്കേണ്ട അടിയന്തിര നടപടികളെപ്പറ്റി മനസ്സിലാക്കുകയും ചെയ്തു. തീരപ്രദേശങ്ങളിലെ ജനങ്ങൾ ഭൂരിഭാഗവും പാർപ്പിടം, ശുദ്ധമായ കുടിവെള്ളം, ശൗചാലയ സൗകര്യങ്ങൾ, മലിനജലനിർഗ്ഗമന മാലിന്യ സംസ്കരണ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തതമൂലം കഷ്ടപ്പെടുന്നു. ഇപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പകർച്ചവ്യാധികൾ പടരുന്നതിന് ഇടയാക്കുന്നു. മത്സ്യബന്ധനത്തിലൂടെയും വിപണനത്തിലൂടെയും ജീവസന്ധാരണം നടത്തുന്ന അവരുടെ തൊഴിലും വരുമാനവും കാലാവസ്ഥയുമായി ബന്ധപ്പെട്ട് കിടക്കുന്നു. വിദ്യാഭ്യാസ സൗകര്യങ്ങളുടെയും ആരോഗ്യ സൗകര്യങ്ങളുടെയും അപര്യാപ്തതയും അവർക്ക് അഭിമുഖീകരിക്കേണ്ടിവരുന്നു.

**4.3.2 വയനാട് ജില്ലയിലെ മേപ്പാടി, പൊഴുതന സന്ദർശനം**

വയനാട് ജില്ലയിലെ തോട്ടം മേഖലയിലെ ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ 2014 ഫെബ്രുവരി 13-ന് കമ്മീഷൻ സന്ദർശിക്കുകയുണ്ടായി. അന്നേദിവസം രാവിലെ 11 മണിക്ക് ജില്ലാ കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽവച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റുമാർ, സ്ഥിരം സമിതി അദ്ധ്യക്ഷന്മാർ, അംഗങ്ങൾ, ന്യൂനപക്ഷ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിന് താല്പര്യമുള്ള സന്നദ്ധ സംഘടനകൾ, വ്യക്തികൾ, ന്യൂനപക്ഷ മത നേതാക്കൾ, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരുമായി ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങളേയും അപര്യാപ്തതകളേയും, ന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പരിഹാരത്തിനായി സ്വീകരിക്കാവുന്ന പ്രായോഗിക നടപടികൾ എന്നിവയേയും സംബന്ധിച്ച് കമ്മീഷൻ ആശയവിനിമയം നടത്തുകയുണ്ടായി. ഉച്ചയ്ക്കുശേഷം വിവിധ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ കമ്മീഷൻ സന്ദർശിക്കുകയും പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്തു. ജില്ലാതല യോഗത്തിലൂടെയും സ്ഥല സന്ദർശനത്തിലൂടെയും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കും പ്രകാരം ക്രോഡീകരിക്കാം:

തോട്ടം മേഖലയിൽ അധിവസിക്കുന്ന തൊഴിലാളികളായ ന്യൂനപക്ഷങ്ങൾക്ക് താമസിക്കുന്നതിന് മതിയായ സൗകര്യങ്ങളോടെയുള്ള ഭവനങ്ങൾ ലഭ്യമല്ല. വളരെയേറെ വർഷങ്ങൾ പഴക്കമുള്ള നിരകളായുള്ള കെട്ടിടങ്ങളിലെ കുടുസ്സുമുറികളിൽ രണ്ടും മൂന്നും കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്നു. ടി തൊഴിലാളി കുടുംബങ്ങളിൽ പലതിനും സ്വന്തം പേരിൽ ഭൂമിയോ ഭവനമോ ഇല്ല. മതിയായ സൗകര്യങ്ങളോടുകൂടിയ ശൗചാലയങ്ങളുടെ അപര്യാപ്തത, മലിനജല നിർഗ്ഗമന സൗകര്യങ്ങളുടെ പോരായ്മ, ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ് എന്നിവ തോട്ടം മേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. തേയില നുള്ളിയെടുക്കുന്ന തൊഴിലാളികളിൽ നിന്നും മണിക്കൂറുകൾ വൈകിമാത്രം തേയില തൂക്കമെടുത്ത് ശേഖരിക്കുന്നതു മൂലം യഥാർത്ഥത്തിൽ തൊഴിലാളികൾക്ക് ന്യായമായ വിശ്രമസമയം ലഭിക്കുന്നില്ല. തോട്ടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികൾമൂലം തൊഴിലാളികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുവെങ്കിലും മതിയായ ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ കമ്പനികൾ ലഭ്യമാക്കുന്നില്ല. കമ്മീഷന്റെ സ്ഥല സന്ദർശനങ്ങളുടേയും ജില്ലാതല മീറ്റിംഗുകളുടേയും അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച ശുപാർശകളടങ്ങിയ റിപ്പോർട്ട് പ്രത്യേകം സർക്കാരിന് സമർപ്പിക്കുന്നുണ്ട്.

# 5

## കമ്മീഷന്റെ വരവ് ചെലവ് കണക്കുകൾ

സർക്കാരിൽ നിന്നും ബഡ്ജറ്റ് വിഹിതത്തിലുൾപ്പെടുത്തി ലഭിക്കുന്ന സഹായധനം ഉപയോഗിച്ചാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിച്ച കമ്മീഷന് തൻവർഷം 1,13,00,000 രൂപ സഹായധനമായി സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. പ്രസ്തുത സാമ്പത്തിക വർഷം 87,77,770 രൂപ ചെലവായിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടായിരുന്നതിനാൽ പ്രസ്തുത വർഷം 20 ലക്ഷത്തോളം രൂപയുടെ ബാധ്യതകൾ കൂടി ഉണ്ടായിരുന്നുവെങ്കിലും ആയത് ചെലവ് ചെയ്തിട്ടില്ല. വിശദമായ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം(2013-14) ന്യൂനപക്ഷ കമ്മീഷനുവേണ്ടി ലഭിച്ച സഹായധനം സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

| ശീർഷകം | ബജറ്റിൽ വകയിരുത്തിയ തുക | സർക്കാർ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 2225-04-102-91-31 ധനസഹായം-ജനറൽ-ശമ്പളം | | 74,00,000 | Only token provision was made in the budget. Funds were granted through Addl Authorization. |
| 2225-04-102-91-36 ധനസഹായം-ജനറൽ-ശമ്പളേതരം | 1000 | 39,00,000 | |

| ശീർഷകം | ലഭിച്ച തുക | ചെലവായ തുക | റിമാർക്സ് |
|---|---|---|---|
| 2225-04-102-91-31-ധനസഹായം-ജനറൽ-ശമ്പളം | 74,00,000 | 48,27,998 | 2013-14 സാമ്പത്തിക വർഷം വിനിയോഗിച്ചതിൽ അവശേഷിച്ച തുക 2014-15 സാമ്പത്തിക വർഷം വിനിയോഗിച്ചു. |
| 2225-04-102-91-36 ധനസഹായം-ജനറൽ-ശമ്പളേതരം | 39,00,000 | 39,49,772 | |

16/9406/2015

# 6

## വിവരാവകാശ നിയമം-2005 പ്രകാരമുള്ള നടപടികൾ

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം നടപടി കൈക്കൊള്ളുന്നുണ്ട്. വിവരാവകാശ നിയമപ്രകാരം സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | .. | ശ്രീ. റോബർട്ട് ഫ്രാൻസിസ്, സെക്ഷൻ ആഫീസർ |
| 2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | .. | ശ്രീ. കെ. ഗോപിനാഥൻ, ഫിനാൻസ് ആഫീസർ |
| 3. അപ്പീൽ അധികാരി | .. | ശ്രീ. കെ. ബി. പ്രേമചന്ദ്രൻ, രജിസ്ട്രാർ |

# 7

## ഉപസംഹാരം

കമ്മീഷന് 9-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുമ്പോൾ, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും 12-ാം വകുപ്പ് പ്രകാരം ഉറപ്പാക്കിയിട്ടുണ്ട്. പുതുതായി ആരംഭിച്ച ഒരു സ്ഥാപനമായിരുന്നുവെങ്കിൽപോലും റിപ്പോർട്ട് കാലയളവിൽ പൂർണ്ണമായ പ്രവർത്തനക്ഷമത ആർജിക്കുവാൻ കമ്മീഷൻ പരമാവധി യത്നിച്ചിട്ടുണ്ട്. മത ന്യൂനപക്ഷങ്ങളുടെ സർവ്വതോൻമുഖമായ പുരോഗതിക്കും അവകാശ സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഭരണഘടനാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിനും നടപ്പാക്കിക്കുന്നതിനും കമ്മീഷൻ പ്രതിജ്ഞാബദ്ധമായിരിക്കും.

1. അഡ്വ. എം. വീരാൻകുട്ടി, ചെയർമാൻ (ഒപ്പ്)
2. അഡ്വ. വി. വി. ജോഷി, മെമ്പർ (ഒപ്പ്)
3. അഡ്വ. കെ. പി. മറിയുമ്മ, മെമ്പർ (ഒപ്പ്)